# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1749 16.02.2016-ന് മറുപടി നൽകേണ്ടത്

## ദിവസക്കൂലി, കരാർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങൾ

| | ചോദ്യം<br>ശ്രീ. എ. കെ. ബാലൻ | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ വിവിധ വകുപ്പുകളിലായി എത്ര പേരെ ദിവസക്കൂലി, കരാർ വ്യവസ്ഥകളിൽ നിയമിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ; ഇതിൽ എത്ര നിയമനങ്ങൾ അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകളിൽ ആയിരുന്നു; ഇതിൽ എത്ര പേരെ സ്ഥിരപ്പെടുത്തി; സർക്കാർ ഉത്തരവ് പ്രകാരം എത്ര പേരെ സ്ഥിരപ്പെടുത്തി; വകുപ്പു മേധാവിയുടെ ഉത്തരവ് പ്രകാരം എത്ര പേരെ സ്ഥിരപ്പെടുത്തി: വകുപ്പു തിരിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ: | (എ) | പൊതുഭരണ വകുപ്പിൽ ബഹു.മുഖ്യമന്ത്രിയുടെ കോൾ സെന്ററിൽ കരാർ അടിസ്ഥാനത്തിൽ ലോവർ ഡിവിഷൻ ക്ലർക്ക്, ഓഫീസ് അറ്റൻഡന്റ് തസ്തികകളിൽ 2011 മുതൽ ജീവനക്കാരെ നിയമിച്ചുവരുന്നുണ്ട്. 2011-ൽ ലോവർ ഡിവിഷൻ ക്ലർക്കിന്റെ 7 തസ്തികകളും ഓഫീസ് അറ്റൻഡന്റിന്റെ 4 തസ്തികകളും സൃഷ്ടിച്ചിരുന്നു. ഈ തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ കരാർ കാലാവധി തീരുന്ന മുറയ്ക്ക് പുതുക്കി നൽകിവരുന്നു. നിലവിൽ മുഖ്യമന്ത്രിയുടെ കോൾ സെന്ററിൽ ലോവർ ഡിവിഷൻ ക്ലർക്കിന്റെ 6 തസ്തികകളും ഓഫീസ് അറ്റൻഡന്റിന്റെ 3 തസ്തികകളിലും ജീവനക്കാർ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്നു. സെക്രട്ടറിയേറ്റിലെ പൊതുഭരണ (ഹൗസ് കീപ്പിംഗ്) വകുപ്പിന്റെ കീഴിൽ നിലവിൽ 5 തസ്തികകളിലായി 41 ജീവനക്കാർ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നു. 9 പേരെ സെക്യൂരിറ്റി ഗാർഡുമാരായി നിയമിച്ചിട്ടുണ്ട്. അതിൽ 3 പേർ പിരിഞ്ഞു പോകുകയും 6 പേരെ 2015 ഡിസംബറിൽ സ്ഥിരപ്പെടുത്തുകയും ചെയ്തു. ഗാർഡനർ സൂപ്പർവൈസർ തസ്തികയിൽ ഒരാൾക്ക് കരാറടിസ്ഥാനത്തിൽ നിയമനം നൽകിയിട്ടുണ്ട്. കൂടാതെ വർഷങ്ങളായി ദിവസക്കൂലി തസ്തികയിൽ ജോലി ചെയ്തിരുന്ന ഒരാളെ ഡ്രൈവർ തസ്തികയിലും രണ്ടുപേരെ ധോബി തസ്തികയിലും സ്ഥിരനിയമനം നൽകിയിട്ടുണ്ട്. പൊതുഭരണ വകുപ്പിനു കീഴിലുള്ള സൈനിക ക്ഷേമ വകുപ്പിൽ അനുവദിക്കപ്പെട്ട തസ്തികയിൽ ദിവസക്കൂലി വ്യവസ്ഥയിൽ രണ്ടു പേരെ നിയമിച്ചിട്ടുണ്ട്. ഇവിടെ ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല. മറ്റു വകുപ്പുകളെയും തസ്തികകളെയും സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നുള്ള ലിസ്റ്റ് പ്രകാരം എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് അറിയി | (ബി) | പൊതുഭരണ സെക്രട്ടേറിയറ്റിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നുള്ള ലിസ്റ്റ് പ്രകാരം 4 ഫുൾ ടൈം ഗാർഡനർമാർക്കും 12 ഫുൾ ടൈം സ്വീപ്പർമാർക്കും ശമ്പള സ്കെയിലുള്ള തസ്തികകളിൽ സ്ഥിരനിയമനം നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ |

| | | | |
|---|---|---|---|
| | ക്കാമോ ; ഇതിൽ എത്ര പേരെ ശമ്പള സ്കെയിൽ ഉള്ള തസ്തികകളിൽ നിയമിച്ചിട്ടുണ്ട്; എത്ര പേരെ കരാർ, ദിവസക്കൂലി വ്യവസ്ഥയിലും നിയമിച്ചു; ഇതിൽ എത്ര പേരെ സ്ഥിരപ്പെടുത്തി; സർക്കാർ ഉത്തരവ് പ്രകാരം എത്ര പേരെ സ്ഥിരപ്പെടുത്തി; വകുപ്പു മേധാവിയുടെ ഉത്തരവ് പ്രകാരം എത്ര പേരെ സ്ഥിരപ്പെടുത്തി; വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ? | | 63 ടൈപ്പിസ്റ്റുമാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. നിലവിൽ രണ്ട് കമ്പ്യൂട്ടർ അസിസ്റ്റന്റുമാർ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താല്ക്കാലിക നിയമനം നൽകിയ ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല. പൊതുഭരണ വകുപ്പിനു കീഴിലുള്ള സൈനിക ക്ഷേമം വകുപ്പിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 74 പേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ഉത്തരവ് മുഖേനയും വകുപ്പ് മേധാവികളുടെ ഉത്തരവ് മുഖേനയും ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല. മറ്റുവകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ